മി. സ്പീക്കർ: ഈ സഭാസമ്മേളനം ഒരു പ്രത്യേക സാഹചര്യത്തിലാണ് വിളിച്ചുചേർത്തിരിക്കുന്നത് എന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും നിയമസഭാ കക്ഷി സെക്രട്ടറിയുടെയും അഭിപ്രായങ്ങൾകൂടി പരിഗണിച്ചും ഈ സഭയുടെ അവകാശങ്ങൾ സംരക്ഷിച്ചുവെന്ന് ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രത്യേക സഭാസമ്മേളനമാണ് ഇവിടെ ചേർന്നിരിക്കുന്നത്. ആ സഭാസമ്മേളനത്തിൽ നിങ്ങൾ തന്നെ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഇവിടെ ചേരുന്നത്. ഇക്കാര്യത്തിൽ ചെയറിന്റെ അഭിപ്രായവും നിങ്ങളുടെ അഭിപ്രായത്തോട് യോജിപ്പുള്ളതായിരുന്നു. ഈ സഭ വിളിച്ചുചേർത്ത ഉദ്ദേശ്യം നിർവഹിക്കാൻ അനുവദിക്കണം. .....പ്ലീസ്...പ്ലീസ്.....മേശപ്പുറത്തുവച്ച കടലാസ്സുകളും ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയും കഴിഞ്ഞശേഷം നിങ്ങൾ പറഞ്ഞത് ആലോചിക്കാം. ദയവായി ഇരിക്കൂ... .....പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയുംകൂടി കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്മേളനം വിളിച്ചുചേർത്തിരിക്കുന്നത്. ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട്

വന്നാൽ അതിന്റെ വിശദാംശങ്ങൾ സഭയ്ക്ക് അറിയണമെന്ന അങ്ങയുടെ കൂടി ആഗ്രഹത്തിന്റെയും അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ സമ്മേളനം വിളിച്ചുചേർത്തിരിക്കുന്നത്. അത് അവതരിപ്പിക്കാൻ അനുവദിക്കണം. (......ബഹളം.....).....പ്ലീസ്....പ്ലീസ്.... ഇത് ഉചിതമായ കാര്യമല്ല. ദയവായി സഹകരിക്കണം. .....പ്ലീസ്....പ്ലീസ്.... സഭയുടെ നടപടിക്രമങ്ങൾ നടത്താൻ അങ്ങ് ദയവായി അനുവദിക്കണം. (.....ബഹളം.....)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ അവതരിപ്പിച്ചു കഴിഞ്ഞു. ഇനി അത് എടുത്താൽ മതി.

മി. സ്പീക്കർ: അദ്ദേഹം കടലാസ്സുകൾ മേശപ്പുറത്ത് വച്ചുകഴിഞ്ഞു.... (ബഹളം) ... പ്ലീസ്... പ്ലീസ്. ഈ സഭയുടെ നടപടിക്രമങ്ങൾ നടത്താൻ അങ്ങ് ദയവായി അനുവദിക്കണം.